**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2768** **06-10-2025 - ൽ മറുപടിയ്ക്ക്**

**പി.എം. കുസും പദ്ധതിയിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പി. എം. കുസും പദ്ധതിയ്ക്കായുള്ള അനെർട്ട് 2022 ഡിസംബർ 12 ന് ക്ഷണിച്ച ടെൻഡറിൽ പങ്കെടുത്ത സൺടാസ്റ്റിക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് ക്വോട്ട് ചെയ്ത നിരക്കുകൾ എത്രയായിരുന്നുവെന്നും കമ്പനിക്ക് ഈ ഇനത്തിൽ നൽകിയ വർക്ക് ഓർഡറിലെ നിരക്കുകൾ എത്രയായിരുന്നുവെന്നും കമ്പനി ഇതുവരെ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും അനുവദിച്ച തുകയും സംബന്ധിച്ച കാര്യങ്ങളും വിശദീകരിക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | മേൽ ടെൻഡറിൽ കോണ്ടാസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി എക്സൽ ഫയലിൽ ക്വോട്ട് ചെയ്ത നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളുടെ നിരക്കുകൾ എത്രയായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | പ്രസ്തുത കരാറിന്റെ ഫിനാൻസ് ബിഡ് ആരംഭിച്ച തീയതി എന്നായിരുവെന്നും ഈ നിരക്കുകളിൽ മാറ്റം വരുത്തിയ തീയതിയും മാറ്റം വരുത്തിയതിനുള്ള കാരണവും വ്യക്തമാക്കാമോ; നിരക്കുകളിൽ മാറ്റം വരുത്തിയതിലൂടെ പദ്ധതിയിൽ വന്ന അധിക ചിലവ് എത്രയാണെന്ന് അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | അക്കൗണ്ടന്റ് ജനറൽ ഓഫീസ് 2023-ൽ അനെർട്ടിൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ പി. എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡറുകളെ സംബന്ധിച്ചുള്ള പരാമർശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേന്ദ്ര മാർഗനിർദേശം പൂർണ്ണമായും പാലിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ടെൻഡറുകളിൽ അപാകതകൾ ഇല്ലായെന്നും സി. എ. ജി. ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ